**2009, ഖുത്വ്ബ നമ്പര്‍-51**

18.12.2009
മസ്ജിദ് നൂര്‍
ഫ്രാങ്ക്ഫേര്‍ട്ട്

قُلْ أَمَرَ رَبِّي بِالْقِسْطِ ۖ وَأَقِيمُوا وُجُوهَكُمْ عِندَ كُلِّ مَسْجِدٍ وَادْعُوهُ مُخْلِصِينَ لَهُ الدِّينَ ۚ كَمَا بَدَأَكُمْ تَعُودُونَ ﴿٣٠﴾ (7.30)

التَّائِبُونَ الْعَابِدُونَ الْحَامِدُونَ السَّائِحُونَ الرَّاكِعُونَ السَّاجِدُونَ الْآمِرُونَ بِالْمَعْرُوفِ وَالنَّاهُونَ عَنِ الْمُنكَرِ وَالْحَافِظُونَ لِحُدُودِ اللَّهِ ۗ وَبَشِّرِ الْمُؤْمِنِينَ ﴿١١٢﴾ (9:112)

ഇന്ന് ഞാന്‍ ഫ്രാങ്ക്ഫേര്‍ട്ടിലുള്ള മസ്ജിദ് നൂറില്‍ വെച്ച് ആദ്യമായി ഖുത്വുബ നിര്‍വഹിക്കുകയാണ്. ഇവിടെയുള്ള സഹോദരന്മാര്‍ അറിയുന്നതുപോലെ ഈ പള്ളി നിര്‍മ്മിച്ചിട്ട് 50 വര്‍ഷമായി. 50 വര്‍ഷം മുമ്പ് അന്നത്തെ ജമാഅത്തിന്റെ നിലയനുസരിച്ചുകൊണ്ടാണ് ഈ പള്ളി നിര്‍മ്മിച്ചിട്ടുള്ളത്. എന്നാല്‍ ഇന്ന് ജമാഅത്തിന്റെ അംഗസംഖ്യയുടെ അടിസ്ഥാനത്തില്‍ ഈ പള്ളി വളരെ ചെറുതാണ്. അതുകൊണ്ട് ഈ പ്രദേശത്തുള്ള അഹ്മദികള്‍ കൂടാതെ പുറത്തുനിന്ന് വളരെ കുറച്ച് ആളുകള്‍ക്ക് മാത്രമെ ജുമുഅയില്‍ പങ്കെടുക്കുവാന്‍ അനുവാദം കൊടുത്തിട്ടുള്ളു. ഈ പള്ളി ജര്‍മ്മനിയില്‍ നിര്‍മ്മിക്കുന്ന രണ്ടാമത്തെ പള്ളിയാണ്. ആദ്യത്തെ പള്ളി ഹംബര്‍ഗില്‍ നിര്‍മ്മിക്കപ്പെട്ട പള്ളിയാണ്. അതിന്റെ 50-ാം വാര്‍ഷികം 2007 ല്‍ ആയിയെന്നാണ് എന്റെ ഓര്‍മ്മ. അവിടുത്തെ പരിപാടിയില്‍ ഞാന്‍ പങ്കെടുത്തിട്ടില്ല. എന്നാല്‍ ഫ്രാങ്ക്ഫേര്‍ട്ടിലെ ഈ പള്ളിക്ക് 50 വര്‍ഷം പൂര്‍ത്തിയായപ്പോള്‍ ജമാഅത്ത് ഒരു ഫങ്ങ്ഷന്‍ നടത്താനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. അതില്‍ ചില പ്രഗല്‍ഭന്മാരെ ക്ഷണിക്കുകയുണ്ടായി. അതുകൊണ്ട് ഞാനും ഈ പരിപാടിയില്‍ പങ്കെടുക്കണമെന്ന് അമീര്‍ സാഹിബ് ആഗ്രഹം പ്രകടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയില്‍ പങ്കെടുക്കാനും ഈ ജുമുഅ നിര്‍വ്വഹിക്കാനും ഞാന്‍ സമ്മതിക്കുകയുണ്ടായി. പ്രഗല്‍ഭന്മാരായ ആളുകളെ ക്ഷണിച്ചിരിക്കുകയാണ്. അവരുടെ മുമ്പാകെ സംസാരിക്കാനുള്ള അവസരം ലഭിക്കുന്നതാണ്. ഈ കാര്യം ഓര്‍ത്തുകൊണ്ട് തന്നെ ഞാന്‍ അതിന് സമ്മതിക്കുകയുണ്ടായി. ഇസ്ലാമിനെക്കുറിച്ച് അവര്‍ അറിയുന്നവരാണെങ്കിലും ഇസ്ലാമിനെക്കുറിച്ച് അവര്‍ കേട്ടവരാണെങ്കിലും എന്തെങ്കിലും പറയാനുള്ള അവസരം ലഭിക്കുമല്ലോ. നാം പള്ളികള്‍ നിര്‍മ്മിക്കുന്നു.ലോകത്ത് പല സ്ഥലങ്ങളില്‍ ജമാഅത്തിന്റെപള്ളികള്‍ വ്യാപിച്ചുകിടക്കുന്നു. ആ പള്ളികളില്‍ നിര്‍മ്മാണത്തിനു ശേഷം 50 വര്‍ഷം 75 വര്‍ഷം അല്ലെങ്കില്‍ 100 വര്‍ഷം പൂര്‍ത്തിയായതുമുണ്ട്. പള്ളിയുടെ മഹത്വം അത് നിര്‍മ്മിച്ചിട്ട് 50 വര്‍ഷം പൂര്‍ത്തിയായി എന്നതിലല്ല. പള്ളിയുടെ മഹത്വവും അതിന്റെ സൗന്ദര്യവും അതില്‍ നിസ്കരിക്കാന്‍ വരുന്ന ആളുകളെക്കൊണ്ട് നിറയുമ്പോഴാണ് നിലനില്‍ക്കുന്നത്. അതുപോലെ അല്ലാഹുവിന്റെ തഖ്‌വ (ഭയഭക്തി) ഉണ്ടാവുമ്പോഴാണ് നിലനില്‍ക്കുന്നത്. തഖ്‌വയെ മുന്‍ നിര്‍ത്തിക്കൊണ്ട് 5 നേരവും പള്ളിയില്‍ വന്നു നിസ്കരിക്കുമ്പോഴാണ് അത് നിലനില്‍ക്കുന്നത്. പള്ളിയുടെ മഹത്വത്തെക്കുറിച്ച് നമുക്ക് ഖുര്‍ആനില്‍ നിന്നും ഹദീസില്‍ നിന്നും മാര്‍ഗദര്‍ശനം ലഭിക്കുന്നു. പള്ളിയുടെ ഈ സ്ഥാനം എപ്പോഴും അറിഞ്ഞിരിക്കുക എന്നതിലാണ് ഒരഹ്മദിയുടെ പ്രതാപവും തിരിച്ചറിവുമുള്ളത്. അതിനെക്കുറിച്ച് അല്ലാഹു നമുക്ക് മാര്‍ഗദര്‍ശനം നല്‍കുന്നു. ഇതിന്റെ അടിസ്ഥാനത്തില്‍ ചില കാര്യങ്ങള്‍ ഞാന്‍ പറയുന്നതാണ്.

പള്ളിയുടെ മഹത്വത്തെക്കുറിച്ച് പറയുന്നതിന് മുമ്പായി ഈ പള്ളിയെക്കുറിച്ചും ചില കാര്യങ്ങള്‍ പറയുന്നതാണ്. ഈ പള്ളിയുടെ പേര് മസ്ജിദ് നൂര്‍ എന്നതാണെന്ന് ഇവിടുത്ത്കാര്‍ക്ക് അറിയാം. ഇപ്പോള്‍ ലോകത്തിലുള്ള എല്ലാ അഹ്മദികളും അറിഞ്ഞിട്ടുണ്ടാകും. യാദൃശ്ചികമായി കഴിഞ്ഞ രണ്ട് ഖുത്വുബകളിലായി ഞാന്‍ നൂര്‍ എന്ന അല്ലാഹുവിന്റെ സിഫത്തിനെക്കുറിച്ച് വെളിച്ചം വീശിയിരുന്നു. ചുരുക്കത്തില്‍ ഈ പള്ളിയും ലോകത്തിലെ മറ്റെല്ലാ പള്ളികളും അല്ലാഹുവിന്റെ ഈ പ്രകാശം ഹൃദയത്തില്‍ അങ്കുരിപ്പിക്കുന്നതിനും ലോകത്ത് വ്യാപിപ്പിക്കുന്നതിനും വേണ്ടിയാണ് നിര്‍മ്മിക്കപ്പെട്ടിട്ടുള്ളത്. വിശുദ്ധ ഖുര്‍ആനും തിരുമേനി (സ) തിരുമേനി മുഖേനയും അല്ലാഹു നമ്മളില്‍ ഇറക്കിയിട്ടുള്ള ഈ പ്രകാശത്തിന്റെ പ്രതിച്ഛായയായിട്ട് അല്ലാഹു ഈ കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ആക്കുകയുണ്ടായി. അത് ഈ പ്രകാശം എല്ലാ കാലത്തും വ്യാപിച്ചുകൊണ്ടിരിക്കുന്നതിനുവേണ്ടിയാണ്.ഇതാണ് നമ്മുടെ പള്ളി നിര്‍മ്മിക്കുന്നതിനുള്ള ഉദ്ദേശ്യം. ഇതും ഒരു യാദൃശ്ചികതയാണ്. എന്നു മാത്രമല്ല,സ്വിസ് ഭരണകൂടത്തിന്റെ നിര്‍ഭാഗ്യമാണ്. ഇസ്ലാമിന്റെ ശത്രുവായ ഒരു പാര്‍ട്ടി പറഞ്ഞതനുസരിച്ച് ഒരു റഫ്രണ്ടത്തിന്റെ അടിസ്ഥാനത്തല്‍ അല്ലങ്കില്‍ ഒരു റഫ്രണ്ടത്തിനെ അടിസ്ഥാനമാക്കിക്കൊണ്ട് അതില്‍ പങ്കെടുത്തിട്ടുള്ള ഭൂരിപക്ഷമാളുകളും ഒരു തീരുമാനമെടുക്കുകയുണ്ടായി. സ്വിറ്റ്സര്‍ലന്റില്‍ ഇനി നിര്‍മ്മിക്കുന്ന പള്ളിയില്‍ മിനാരം നിര്‍മ്മിക്കാന്‍ പാടുള്ളതല്ല എന്നായിരുന്നു ആ തീരുമാനം. എന്നാല്‍ ഈ റഫ്രണ്ടത്തില്‍ പങ്കാളികളായ ആളുകളില്‍ 32% ആള്‍ക്കാരും മിനാരം നിര്‍മ്മിക്കാന്‍ പാടുള്ളതല്ലെന്ന തീരുമാനത്തില്‍ വോട്ട് നല്‍കുകയുണ്ടായി. ചുരുക്കത്തില്‍ അവരില്‍ ഭൂരിപക്ഷം ആളുകളും ഇതിഷ്ടപ്പെട്ടില്ല. ഇന്ന് നബികരീം (സ) തിരുമേനിയുടെ യഥാര്‍ത്ഥ പ്രേമിയുടെ ജമാഅത്തിലൊ, ഇന്ന് ലോകത്തിലുള്ള എല്ലാ മുസ്ലിംകളും ഉറങ്ങിക്കിടക്കുന്ന ഈ അവസരത്തില്‍ ഈ കാര്യത്തെക്കുറിച്ച് ചിലരുടെ ശ്രദ്ധയില്‍ പെടുത്തിയപ്പോള്‍ എന്തിനാണ് വെറുതെ അവരുടെ ശത്രുത ഏറ്റുവാങ്ങുന്നത് എന്തിനാണ് മിനാരത്തിന്റെ കാര്യത്തില്‍ ബഹളം വെക്കുന്നത് എന്നവര്‍ ചോദിക്കുകയുണ്ടായി. എന്നാല്‍ അവിടെ പബ്ലിക് മീറ്റിംഗ് സംഘടിപ്പിച്ചുകൊണ്ടും രാഷ്ട്രത്തലവന്മാരുമായി ബന്ധപ്പെട്ടുകൊണ്ടും ഈ വിഡ്ഢിത്തപരമായ തീരുമാനത്തിനെതിരില്‍ മുമ്പും

ശബ്ദമുയർത്തുകയുണ്ടായി. ഇപ്പോഴും ശബ്ദമുയർത്തിക്കൊണ്ടിരിക്കുന്നു. എന്നു മാത്രമല്ല ചില രാഷ്ട്രീയ പാർട്ടികൾ, ഇത് നമ്മുടെ പ്രവൃത്തിയല്ലയെന്നും ഇത്തരത്തിലുള്ള വിഡ്ഢിത്തപരമായ തീരുമാനത്തെ അങ്ങേയറ്റം എതിർക്കുകയാണെന്നും പറയുകയുണ്ടായി. സ്വിറ്റ്സർലന്റിലെ നമ്മുടെ പള്ളി സ്ഥിതിചെയ്യുന്ന സ്ഥലത്തെ നിവാസികൾ നമ്മുടെ പള്ളിയുടെ മിനാരത്തിനുവേണ്ടി സിന്ദാബാദ് വിളിക്കുകയുണ്ടായി. ഈ തീരുമാനം വെറും വിഡ്ഢിത്തപരമായ തീരുമാനമാണെന്നും പറയുകയുണ്ടായി. ഒരു രാഷ്ട്രീയ പാർട്ടിയുടെ ദേശീയ നേതാവ്, ഈ തീരുമാനം കൊണ്ട് പാർട്ടിക്ക് ഒരു സ്ഥാനം ലഭിച്ചുവെന്ന് വിചാരിച്ച് ഇപ്പോൾ പർദ്ദയും നിയപരമായി നിരോധിക്കണമെന്ന് പറയുകയുണ്ടായി. എന്നാൽ ഇതേ പാർട്ടിയുടെ സംസ്ഥാന പ്രസിഡന്റും മറ്റുള്ള ഭാരവാഹികളും തങ്ങളുടെ ദേശിയ നേതാവിന്റെ ഈ അഭിപ്രായത്തെ അങ്ങേയറ്റം എതിർക്കുകയുണ്ടായി. അതിന്റെ ഫലമായി ദേശീ നേതാവിന് ടി.വി യിൽ വന്ന് മാപ്പ് ചോദിക്കേണ്ടതായി വന്നു. അതി നു ശേഷം സംസ്ഥാന പ്രസിഡന്റ് നമ്മുടെ അമീർ സാഹിബിന് കത്തെഴുതി. നമ്മുടെ ദേശീയ നേതാവിന് തെറ്റുപറ്റിയിരിക്കുന്നു. ഇപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് നേരായ വഴി കാണിച്ചുകൊടുത്തു. നമ്മൾ മുസ്‌ലിംകളുടെ അവകാശം സംരക്ഷിക്കുന്നതാണ്. ഇത്തരത്തിലുള്ള നല്ലവരായ ആളുകൾ എല്ലായിടത്തുമുണ്ട്. ഇത്തരം പ്രവൃത്തികളാണ് ഇസ്‌ലാമിനെ പ്രതിരോധിക്കുന്ന വിധത്തിൽ ജമാഅത്ത് ചെയ്തുകൊണ്ടിരിക്കുന്നത്. ജമാഅത്ത് ശബ്ദിക്കുന്നതുകൊണ്ട് ഈ നിയമത്തിന്നെതിരായി ശബ്ദമുയർത്തണമെന്ന് രാഷ്ട്രീയ പാർട്ടികൾക്ക് ശ്രദ്ധയുണ്ടാകുന്നു. ഇസ്‌ലാമിന്റെ ആളുകൾ തങ്ങളാണെന്ന് പറഞ്ഞു നടക്കുന്നവർ ഒന്നുകിൽ മറ്റുള്ളവരെ ചീത്ത വിളിക്കുക അല്ലെങ്കിൽ നിരാലംബരായിട്ടുള്ള ആളുകളുടെ ജീവൻ കൊണ്ട് കളിക്കുക എന്നല്ലാതെ മറ്റൊന്നും ചെയ്യുന്നില്ല. ഇങ്ങനെ സംഭവിച്ചിട്ടും അവർ ചോദിക്കുന്നത് മസീഹ് മൗഊദ് (അ) വരേണ്ടുന്ന ആവശ്യമെന്താണ്. ഒരു ആത്മീയനേതാവിന്റെയും ആവശ്യമില്ല, എന്തുകൊണ്ടെന്നാൽ നമ്മുടെ പക്കൽ അവസാനത്തെ പ്രവാചകനെന്ന നിലയിൽ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) തിരുമേനി യും കിതാബെ മുബീൻ (വ്യക്തമായ ഗ്രന്ഥം) എന്ന നിലയിൽ പ്രകാശവുമുണ്ട് എന്നാണ്. ഇതൊക്കെ ശരിതന്നെ ഇത് നാം അംഗീകരിക്കുന്നു. പക്ഷെ, ഈ പ്രകാശം കരസ്ഥമാക്കുന്നതിന്ന് അല്ലാഹുവിന്റെയും റസൂൽ കരീം (സ) തിരുമേനിയുടെയും പ്രവചനമനുസരിച്ച് ഈ കാലത്ത് ഈ പ്രകാശം ആവാഹിച്ചുകൊണ്ട് അതിനെ വ്യാപിപ്പിക്കുന്നതിന് ഒരാളുടെ ആവശ്യമുണ്ടായിരുന്നു.

ചുരുക്കത്തിൽ ഇസ്‌ലാമിന്റെ ഈ പ്രകാശത്തെ വ്യാപിപ്പിക്കാനുള്ള പ്രവൃത്തി വെറും ജമാഅത്തെ അഹ്മദിയ്യയിൽ നിക്ഷിപ്തമാണ്. അവരുടെ ഉത്തരവാദിത്ത്വത്തിൽ പെട്ട കാര്യമാണിത്. സ്വിറ്റ്സർലന്റിൽ മാത്രമല്ല, മറിച്ച് സ്പെയിനിലെ വലിയ ഒരു സാറ്റലൈറ്റ് ചാനൽ നമ്മുടെ പള്ളിയുടെ ഫോട്ടോ കാണിക്കുകയുണ്ടായി. അവിടുത്തെ ആളുകളെ ഇന്റർവ്യൂ ചെയ്യുകയുണ്ടായി. അവരെല്ലാവരും പറഞ്ഞത് ഇത്തരത്തിലുള്ള നിയമം വളരെ മോശമായിട്ടുള്ളതാണെന്നാണ്. നമ്മുടെ പ്രദേശത്ത് മുസ്‌ലിംകളുടെ ഒരു പള്ളിയുണ്ട് അവിടുന്ന് ശാന്തിയുടേയും സമാധാനത്തിന്റേയും ശബ്ദമാണ് ഉയരുന്നത്. എന്നു മാത്രമല്ല, കൂട്ടത്തിലുള്ള ഒരാൾ ഇപ്രകാരം പറഞ്ഞു. നീ തീവ്രവാദത്തെക്കുറിച്ച് പറയുകയാണോ അല്ലെങ്കിൽ വിദ്വേഷത്തിന്റെ കാര്യങ്ങൾ പറയുകയാണോ? എന്നാൽ ഇവരാണ് യഥാർത്ഥ സമാധാനത്തിന്റെ വക്താക്കളെന്ന് ഞാൻ പറയുന്നു. നമ്മളും ഇവരെപ്പോലെ ആവേണ്ടതാണ്. ഈ ഒരു പരിവർത്തനമാണ്, ജമാഅത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) ൽ നിന്ന് ശിക്ഷണം കരസ്ഥമാക്കിക്കൊണ്ട് നടത്തിക്കൊണ്ടിരിക്കുന്നത്. മുമ്പ് ഈ പ്രദേശത്ത് മുസ്‌ലിംകളോട് സലാം പറയുന്നത് തന്നെ ഭയത്തോട് കൂടി വീക്ഷിക്കുന്നു. എന്നാൽ ഇന്ന് സ്പാനിഷ്കാർ സമാധാനമാഗ്രഹിക്കുന്നുവെങ്കിൽ ഇസ്‌ലാമിന്റെ സുന്ദരമായ മുഖം ലോകത്ത് പ്രചരിപ്പിക്കുന്ന ഇവരെപ്പോലെ ആയിത്തീരേണ്ടതാണെന്ന് ടി.വി യി ലൂടെ വളരെ പരസ്യമായി പ്രഖ്യാപിക്കുന്നു. അതുപോലെത്തന്നെ നിർമ്മിക്കുന്നത് തടയുക എന്നത് ഒരു വിഡ്ഢിത്തപരമായ നിയമമാണെന്നും അവർ പറയുന്നു. മിനാരം നിർമ്മിക്കപ്പെടുന്നില്ലെങ്കിൽ ഇന്നുകാണുന്ന തീവ്രവാദം ഇല്ലാതായി തീരുമോ. മിനാരം എന്ന പദം തന്നെ നൂർ എന്ന പദത്തിൽ നിന്നാണ് ഉൽഭവിച്ചത്. ഈ മിനാരം നിർമ്മിക്കാനുള്ള ഉദ്ദേശ്യം ഉയർന്ന സ്ഥലത്ത് നിന്ന് ബാങ്കിന്റെ ശബ്ദം മുഖേന ഏകനായ അല്ലാഹുവിനെ ആരാധിക്കുന്ന വ്യക്തിയെ നിസ്കാരത്തിന്ന് വിളിക്കുക എന്നതാണ്. ലൗഡ് സ്പീക്കറൊന്നുമില്ലാത്ത കാലത്ത് മിനാരത്തിന്റെ മുകളിൽ കയറിയിട്ടാണ് ബാങ്ക് കൊടുത്തിരുന്നത്. ഇന്ന് ഈ മിനാരം പ്രതീകമായിട്ടാണ്. അല്ലെങ്കിൽ ഈ മിനാരത്തിൽ ലൗഡ് സ്പീക്കർ വെക്കുന്നു. അതിന് സർക്കാറിന്റെ അനുവാദമില്ല. ബാങ്ക് കേൾപ്പിക്കുന്നതിന്റെ പിന്നിൽ ഒരു ലക്ഷ്യമുണ്ട്. എന്നാൽ ആക്ഷേപിക്കുന്നവർക്ക് ചർച്ചിലുള്ള മിനാരത്തിനെ സംബന്ധിച്ചും ആക്ഷേപിക്കാമല്ലോ. ആക്ഷേപിക്കുക എന്നത് നമ്മുടെ ഉദ്ദേശ്യമല്ല. ബാങ്കിന്റെ ശബ്ദം കേൾപ്പിക്കുക എന്നതാണ് മിനാരത്തിന്റെ ഉദ്ദേശ്യം എന്ന് പറഞ്ഞല്ലൊ. ബാങ്ക് എന്നാൽ എന്താണ്? ബാങ്കിന്റെ ശബ്ദത്തിൽ അല്ലാഹുവിന്റെ മഹത്വമാണ് വെളിപ്പെടുത്തുന്നത്. അവന്റെ ഏകത്വം വെളിപ്പെടുത്തുന്നു. നബി കരീം (സ) തിരുമേനി അല്ലാഹുവിന്റെ റസൂലാണെന്ന കാര്യം വിളംബരം ചെയ്യപ്പെടുന്നു. ആരാധനയിലേക്ക് വിളിക്കപ്പെടുന്നു. എന്തിനാണ് വിളിക്കപ്പെടുന്നത്? ഇതാണ് മനുഷ്യ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമെന്നും ഇതിലാണ് മനുഷ്യന്റെ വിജയം അടങ്ങിയിട്ടുള്ളതുകൊണ്ടുതന്നെ ഈ വിജയത്തിലേക്ക് വരിക. അങ്ങനെ ഭൗതികവും ആത്മീയവുമായ നേട്ടം കൈവരിക്കുക. എത്ര സുന്ദരമായ സന്ദേശമാണ്, ഈ മിനാരം മുഖേന നൽകപ്പെടുന്നത്! എന്നാൽ ചർച്ചിലെ മിനാരത്തിനെ കുറിച്ച് ആക്ഷേപിക്കാവുന്നതാണ്. പക്ഷെ നമ്മൾ ആക്ഷേപിക്കുന്നില്ല. എന്ത്കൊണ്ടെന്നാൽ മതപരമായ വികാരം ഉണർത്തണമെന്നത് നമ്മുടെ ഉദ്ദേശ്യമല്ല. നാം ചർച്ചിനെയും അമ്പലങ്ങളെയും എല്ലാറ്റിനെയും ആദരിക്കുന്നു. എന്തുകൊണ്ടെന്നാൽ വിശുദ്ധ ഖുർആനിൽ ഈ ആരാധനാലയങ്ങളെ ആദരിക്കുക എന്ന് മാത്രമല്ല പറഞ്ഞത് അതിനെ സംരക്ഷിക്കുക എന്നത് നിങ്ങളുടെ ഉത്തരവാദിത്വമാണ് എന്ന് കൂടി പറഞ്ഞിരിക്കുന്നു. ലോകത്ത് സ്നേഹത്തിന്റെ അന്തരീക്ഷം നിലനിൽക്കുന്നതിനുവേണ്ടിയാണിത്.

ഇന്നേക്ക് 50 വർഷം മുമ്പ് ഈ പള്ളിയുടെ ഉദ്ഘാടന വേളയിൽ ഈ പള്ളിയുടെ മിനാരത്തെക്കുറിച്ച് പത്രങ്ങൾ എഴുതിയതിൽ നിന്നും പത്രപ്രവർത്തകരുടെ മനോഭാവത്തെക്കുറിച്ച് മനസ്സിലാക്കാൻ സാധിക്കുന്നു. ആ സമയത്ത് ജർമ്മനിയിലുള്ള 70 ലേറെ പത്രങ്ങൾ പള്ളിയുടെ ഉദ്ഘാടനത്തെക്കുറിച്ച് വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ഉദാഹരണത്തിന് ഫ്രാൻഫോർട്ടർ റുൻഷൗ (ഞാൻ ശരിയായ രീതിയിലാണോ ഉച്ചിരിക്കുന്നതെന്ന് അറിയില്ല.) എന്തായിരുന്നാലും 1959 സെപ്തംബർ 14-ാം തീയ്യതിയിലെ പത്രത്തിൽ എഴുതുകയുണ്ടായി. ഫ്രാങ്ക്ഫേർട്ടിൽ വെളുത്തതും ഹൃദ

യത്തെ കീഴടക്കുന്നതുമായ മിനാരത്തോടുകൂടി പള്ളി നിർമ്മിക്കപ്പെട്ടിരിക്കുന്നു. ഇതേപോലെ, ആപൻപോസ്റ്റ്, എന്ന പത്രത്തിൽ എഴുതിയത് ഇപ്രകാരം കാണാം. ഫ്രാങ്ക്ഫേർട്ടിൽ അല്ലാഹുവിന്റെ ഭവനം നിലവിൽ വന്നിരിക്കുന്നു. മൻഹൈൻ വാർഗൺ, എന്ന പത്രം എഴുതിയത് ഇസ്ലാം യൂറോപ്പിൽ പുരോഗതി പ്രാപിക്കുന്നുവെന്ന് തലക്കെട്ട് നൽകിക്കൊണ്ടാണ്. ഇതിനു മുമ്പ് മുഹമ്മദ് (സ)യുടെ അനുയായികൾ വാളും കുന്തവുമായി വടക്കൻ ഫ്രാൻസിൽ പ്രവേശിച്ചിരുന്നു. ഇപ്പോൾ ആ പ്രവൃത്തി ആത്മീയ ആയുധം കൊണ്ടാണ് നടക്കുന്നത്. പല രാഷ്ട്രങ്ങളിൽ നിന്നുമുള്ള ആളുകൾ യൂറോപ്പിൽ വരുന്നു. അതോടൊപ്പം തന്നെ ഇസ്ലാം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നു. ഇതേപോലെത്തന്നെ പല തബ്ലീഗ് ഗ്രൂപ്പുകളും വരുന്നു, അതിൽ ഒരു ഗ്രൂപ്പ് പ്രത്യേകമായ നിലയിൽ പല സ്ഥലങ്ങളിലും പള്ളികൾ നിർമ്മിച്ചിട്ടുണ്ട്. അത് മിർസാ ഗുലാം അഹ്മദ് (അ) ഖാദിയാനിയുടേതാണ്. അത് 1890 ലാണ് രൂപീകരിച്ചത്. വർഷം തെറ്റായിട്ടാണ് പറഞ്ഞിട്ടുള്ളത് 1889 എന്നതിന് പകരം 1890 എന്നാണ് എഴുതിയിരിക്കുന്നത്. പക്ഷേ വിശദമായി വാർത്തകൾ എഴുതുകയുണ്ടായി. നോക്കുക, ജർമ്മനിയിൽ കുറച്ചു പേർ മാത്രമേ അഹ്മദിയായിരുന്നുള്ളൂ. ആ സമയത്ത് ഈ പള്ളിയുടേയും ഇസ്ലാമിന്റെ സുന്ദരമായ അധ്യാപനത്തിന്റെ ഫലമായി നബികരീം (സ) തിരുമേനിയുടെയും ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെയും പേരുകൾ ജർമ്മനിയിലുള്ള പത്രപ്രതിനിധികൾ വളരെ ആദരവോടുകൂടി പറയുകയും ജമാഅത്തിന്റെ വാർത്തകൾ വിശദമായി പത്രത്തിൽ കൊടുക്കുകയും ചെയ്തു. ഇത് അവരുടെ മാന്യതയായിരുന്നു. ഇപ്പോൾ അംഗസംഖ്യ വളരെയധികം വർദ്ധിച്ചിരിക്കുന്നു. ഇപ്പോൾ ഇസ്ലാമിനെ പ്രതിരോധിച്ചുകൊണ്ട് ഇസ്ലാമിന്റെ അധ്യാപനങ്ങൾ മുമ്പേത്തേക്കാൾ കൂടുതലായി വ്യാപിപ്പിക്കാൻ നാം ശ്രമിക്കേണ്ടതാണ്.

പള്ളിയുടെ മിനാരങ്ങൾ ഏതുപോലെ അക്കാലത്ത് ഹൃദയത്തെ കീഴടക്കിയോ അതേപോലെ ഇന്നും ഹൃദയത്തെ കീഴടക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ പാശ്ചാത്യരിൽ ചിലരിൽ അന്ധത വ്യാപിച്ചിരിക്കുന്നു. ചില തെറ്റുകൾ മുഴുവൻ ഉമ്മത്തിലും ആരോപിക്കപ്പെടുന്നു. ഇസ്ലാമിന്റെ പേര് ചീത്തയാക്കാൻ ശ്രമിക്കുന്നു. അതേപോലെ ചില മാധ്യമങ്ങൾ തെറ്റായ നിലയിൽ പ്രവർത്തിക്കുന്നു. ഉദാഹരണമായി ഇന്നലെ ടി.വി. യിൽ ഒരു വാർത്ത വന്നിരുന്നു, ഞാൻ മുഴുവൻ വാർത്ത യും കേട്ടിട്ടില്ല. ഒരു പക്ഷേ ബ്രിട്ടണിലുള്ള ഒരു മുസ്ലിം തന്റെ 18 വയസ്സുള്ള പെൺകുട്ടിയെ വധിക്കുകയുണ്ടായി. ഇത്തരത്തിലുള്ള തെറ്റുകൾ പാശ്ചാത്യരും ചെയ്യാറുണ്ട്. ദിനേന ഇത്തരത്തിലുള്ള വാർത്തകൾ പത്രത്തിൽ വന്നുകൊണ്ടിരിക്കുന്നുവെന്നുമാത്രമല്ല. ഇതിനേക്കാൾ ഭയാനകമായ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. പക്ഷെ ഇന്ന ക്രിസ്ത്യാനി ഇത് ചെയ്തിരിക്കുന്നുവെന്നോ ഇന്ന യഹൂദി ചെയ്തിരിക്കുന്നുവെന്നോ അല്ലെങ്കിൽ ഇന്ന മതത്തിൽ പെട്ട ആൾ ചെയ്തിരിക്കുന്നുവെന്നോ എഴുതാറില്ല. എന്നാൽ ഒരു മുസ്ലിം ഈ തെറ്റുകൾ ചെയ്യുകയാണെങ്കിൽ തീർച്ചയായും ഇസ്ലാമിന്റെ പേര് നൽകി ആ വ്യക്തിയെ പരിചയപ്പെടുത്തുന്നു. ഈ കാര്യങ്ങളൊക്കെ വ്യക്തമാക്കിത്തരുന്നത് ഇസ്ലാമിന്നെതിരിൽ ഒരു ശക്തമായ പദ്ധതി ആസൂത്രണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നുവെന്നതാണ്. അതുകൊണ്ട് പാശ്ചാത്യനാടുകളിൽ വസിക്കുന്ന മുസ്ലിംകളുടെ ഉത്തരവാദിത്വം തങ്ങളുടെ അവസ്ഥക്ക് ഒരു പരിവർത്തനം വരുത്തിക്കൊണ്ട് ഇത്തരം കുതന്ത്രങ്ങൾക്കെതിരിൽ ശബ്ദമുയർത്തുക എന്നതാണ്. ഇസ്ലാമിന്റെ യഥാർത്ഥ മുഖം അവർക്ക് കാണിച്ചുകൊടുക്കുക എന്നതുമാണ്. എന്നാൽ ഈ പ്രവൃത്തി എല്ലാവർക്കും ചെയ്യാൻ സാധിക്കുന്നതല്ല. ഞാൻ പറഞ്ഞതുപോലെ, ഈ പ്രവൃത്തി വെറും അഹ്മദികളിൽ അധിഷ്ഠിതമാണ്. ഓരോ അഹ്മദിയുടേയും പ്രവൃത്തിയാണ്. നബി കരീം (സ) തിരുമേനിയുടെ യഥാർത്ഥ പ്രേമിയിൽ ബൈഅത്ത് ചെയ്തവരുടെ പ്രവൃത്തിയാണ്. ചുരുക്കത്തിൽ അഹ്മദികൾ അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാകേണ്ടതാണ്. പള്ളിയിൽ നിന്നും അതിന്റെ മിനാരത്തിൽ നിന്നും അല്ലാഹുവിന്റെ പ്രകാശം യൂറോപ്പിലുള്ള ഓരോ ദേശത്തേക്കും എത്തിക്കേണ്ടതാണ്. ഇത് എത്തിക്കുന്നതിന് തയ്യാറാകേണ്ടതാണ്. ജൽസയിൽ ഈ കാര്യത്തിൽ ശ്രദ്ധ ക്ഷണിച്ചിരുന്നു. പള്ളിയുമായി ബന്ധപ്പെട്ട് അല്ലാഹുവിന്റെ തഖ്വ സ്വായത്തമാക്കിക്കൊണ്ട്, അവനോട് സഹായമഭ്യർത്ഥിച്ചുകൊണ്ട് പ്രവർത്തിക്കുമ്പോൾ മാത്രമാണ് ഇത് സംഭവിക്കുന്നത്. പള്ളിയുടെ പ്രതാപവും മഹത്വവും എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഞാൻ ഓതിയ ആയത്തിൽ ഈ കാര്യത്തെക്കുറിച്ച് വെളിച്ചം വീശിയിരിക്കുന്നു. ആദ്യത്തെ ആയത്ത് സൂറ അഅ്റാഫിലുള്ളതാണ്. ആയത്തിന്റെ അർത്ഥം ഇപ്രകാരമാണ്. നീ പറയുക, എന്റെ നാഥൻ നീതി നടപ്പിലാക്കാനുള്ള കൽപന നൽകിയിരിക്കുന്നു. ഓരോ ആരാധന സ്ഥലത്തും നിങ്ങളുടെ ശ്രദ്ധ (അവനിലേക്ക് )നേരെയാക്കുക. കീഴ്വണക്കം അവന് മാത്രം അർപ്പിച്ചുകൊണ്ട് അവനെ വിളിച്ച് പ്രാർത്ഥിക്കുകയും ചെയ്യുക. അവൻ നിങ്ങളെ സൃഷ്ടിച്ചതുപോലെ അവനിലേക്ക് തന്നെയാണ് നിങ്ങളുടെ മടക്കം, എത്ര മനോഹരമായ അധ്യാപനമാണ് ഇത്! പള്ളികൾ തീവ്രവാദത്തിന്റെ കേന്ദ്രങ്ങളാണെന്ന് ആക്ഷേപിക്കുന്നു. അല്ലാഹു ഈ ആയത്തിലൂടെ ആദ്യമായി നൽകുന്ന കൽപന നീതി നടപ്പിലാക്കുക എന്നതാണ്. പിന്നെ പള്ളിയുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുമ്പോൾ അല്ലാഹുവിലേക്കും ശ്രദ്ധ തിരിയും. അല്ലാഹുവിന്റെ അവകാശത്തെ സംരക്ഷിക്കുന്നതിനുവേണ്ടി ഹൃദയത്തിലുള്ള അശുദ്ധിയിൽ നിന്നും പരിശുദ്ധനാകേണ്ടതാണ്. ഖുർആനിൽ മറ്റു സ്ഥലങ്ങളിൽ ഈ കാര്യത്തെക്കുറിച്ച് കൽപന നൽകിയിരിക്കുന്നു. ഉദാഹരണം ഒരു സ്ഥലത്ത് പറയുന്നു. .

وَاِذَا حَكَمْتُمْ بَيْنَ النَّاسِ اَنْ تَحْكُمُوْا بِالْعَدْلِ

അതായത്, നിങ്ങൾ ജനങ്ങൾക്കിടയിൽ തീരുമാനം കൽപിക്കുമ്പോൾ നീതിയുടെ കാര്യം പൂർത്തിയാക്കിക്കൊണ്ട് നിങ്ങൾ തീരുമാനം കൽപിക്കുക, ഇതാണ് സുന്ദരമായ അധ്യാപനം. മുസ്ലിംകളിൽ തീരുമാനം കൽപിക്കുമ്പോൾ നീതിയോടുകൂടി തീരുമാനിക്കുക എന്നല്ല പറഞ്ഞത്. മനുഷ്യനോട് ദയ കാണിക്കുന്ന വ്യക്തിക്ക് ഇറക്കപ്പെട്ട അധ്യാപനങ്ങളിൽ മുഴുവൻ മനുഷ്യകുലത്തോടും നീതിയോട്കൂടി തീരുമാനം കൽപിക്കുക എന്നാണ് പറഞ്ഞത്. മറ്റൊരു സ്ഥലത്ത് അത് പ്രകടിപ്പിച്ചത് ഇപ്രകാരമാണ്. ഒരു സമൂഹത്തിനോടുള്ള ശത്രുത നിങ്ങൾ നീതി നടപ്പിലാക്കുന്നതിന് തടസ്സമാവരുതെന്നാണ്. കുഴപ്പം ഉണ്ടാക്കുന്നതിനു വേണ്ടി നിർമ്മിക്കപ്പെട്ട പള്ളി നശിപ്പിക്കാൻ അല്ലാഹു സ്വയം തന്നെ കൽപന നൽകുകയുണ്ടായി. പള്ളിയുടെ പ്രതാപം എന്നത് തഖ്വയിൽ നിലയുറപ്പിച്ചുകൊണ്ട് നീതിയുടെ കാര്യം പൂർത്തിയാക്കിക്കൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വരുകൂട്ടുന്നതിനുവേണ്ടി അവന്റെ മുന്നിൽ കുമ്പിടാൻ വരിക എന്നതാണ്. മസ്ജിദ് എന്ന പദം സജ്ദ എന്ന പദത്തിൽ നിന്നാണ് ഉദ്ഭവിച്ചത്. അതിന്റെ അർത്ഥം വിനയത്തിന്റെയും അനുസരണത്തിന്റെയും അങ്ങേയറ്റത്തെ അവസ്ഥ. മസ്ജിദ് എന്നത് ഉന്നതമായ ധാർമ്മിക ഗുണങ്ങൾ ഉണ്ടാക്കുന്ന സ്ഥലമാണ്. ഈ ആയ

ത്തിൽ ഈയൊരു കൽപനയാണ് അടങ്ങിയിരിക്കുന്നത്. അതായത് നിസ്കാര സമയമായാൽ ഏകത്വം നിലനിർത്തി അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ട് തങ്ങളുടെ ബലഹീനത പ്രകടിപ്പിച്ചു കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കുക. നീയൊരുവൻ മാത്രമാണ് നമ്മെ നേരായ മാർഗത്തിൽ ചരിപ്പിക്കുന്നവൻ. നമ്മളിൽ സജ്ദയുടെ യഥാർത്ഥ ആത്മാവ് ഉണ്ടാക്കുന്നവൻ നീയൊരുവൻ മാത്രമാണ്. നമ്മളെ ദീനിനുവേണ്ടി പ്രത്യേകമാക്കിക്കൊണ്ട് അവന്റെ കൽപന കളെ അനുസരിക്കുന്നവനാക്കുന്നവൻ നീയൊരുവൻ മാത്രമാണ്. നമ്മളിൽ നിന്ന് നീതിയുടെ എല്ലാ കാര്യങ്ങളും പൂർത്തിയാക്കുന്ന വൻ അല്ലയോ അല്ലാഹുവേ, നീ ഒരുവൻ മാത്രമാണ്. നമ്മുടെ അവ കാശങ്ങൾ നിറവേറ്റുന്നവൻ ദാസരുടെ അവകാശങ്ങളെ നിറവേറ്റാ നുള്ള തൗഫിഖ് നൽകുന്നവൻ. ഇന്ന് നാം നിന്റെ മുന്നിൽ സുജൂദ് ചെയ്യുന്നു. ഞങ്ങൾക്ക് നന്മകൾ ചെയ്യാനുള്ള തൗഫീഖ് നൽകുമാ റാകണെ. പരലോകത്തിൽ വിശ്വസിക്കുന്ന ഒരാൾ മരിച്ചതിനുശേഷം അല്ലാഹുവിന്റെ മുന്നിൽ ഹാജറാകേണ്ടതാണെന്ന് വിശ്വസിക്കുന്നു. പരലോകത്തിന്റെ അനുഗ്രഹത്തിൽ നിന്ന് തടയപ്പെടുന്നവനാക്കി ത്തീർക്കുന്ന ഒരു പ്രവൃത്തിയും വിശ്വാസിയിൽ നിന്നും ഉണ്ടാകുക യില്ല. എന്തുകൊണ്ടെന്നാൽ, ഓരോ പ്രവൃത്തിയും അവന്റെ പദവി കൾ ഉയർത്തുന്നതിന് കാരണമായിത്തീരുന്നു. പുരോഗതിയുടെ ഈ പ്രവർത്തനം തുടർന്നുകൊണ്ടേയിരിക്കുന്നു.

ചുരുക്കത്തിൽ എല്ലാ നന്മകളും പ്രാവർത്തികമാക്കാനുള്ള കാര്യ ത്തിൽ ശ്രദ്ധയുണ്ടാകുന്നില്ലെങ്കിൽ ആത്മീയമായ പുരോഗതിയുടെ പദവികൾ കരസ്ഥമാക്കാൻ സാധിക്കുന്നതല്ല. ഒരു ഭാഗത്ത് ഒരു വിശ്വാസി അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കിക്കൊണ്ട് തീർത്തും അവന്റെതായിത്തീർന്നുകൊണ്ട് പള്ളിയിലേക്ക് വരികയും മറുഭാ ഗത്ത് ഈ പള്ളിയോട് വെറുപ്പ് ഉണ്ടാകുകയും ചെയ്യുക എന്ന പ്രശ്നം തന്നെ ഉദിക്കുന്നില്ല. പള്ളികൾ അല്ലാഹുവിനോടുള്ള കട പ്പാടുകളും മനുഷ്യനോടുള്ള കടപ്പാടുകളും ചെയ്യുന്നതിന് മുന്നോട്ട് ഗമിക്കുന്നതിനുള്ള ഒരടയാളമാണ്. മിനാരങ്ങൾ ഈ ഉദ്ദേശ്യങ്ങൾ പൂർത്തിയാക്കാനുള്ള ഒരു മാർഗ്ഗമാണ്. അതിൽ നിന്നുകൊണ്ട് പ്രകാ ശത്തിലേക്ക് വിളിക്കുന്നു. ആ പ്രകാശം മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം മനസ്സിലാക്കിക്കൊണ്ട് അവരുടെ ഐഹികവും പാരത്രികവും പ്രകാ ശപൂരിതമാക്കാനുള്ള കാരണമായിത്തീരുന്നു. ചുരുക്കത്തിൽ ഇസ്ലാമിന്റെ യാഥാർത്ഥ്യമെന്താണെന്നും പള്ളിയുടെ യാഥാർത്ഥ്യ മെന്താണെന്നും ലോകർക്ക് പറഞ്ഞുകൊടുക്കുക എന്നതാണ് നമ്മു ടെ ഉത്തരവാദിത്വം. ലോകത്തിന്റെ നിലനിൽപ്പ് തന്നെ ഇതിലാണ്. അതായത് അല്ലാഹുവിൽ വിശ്വസിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രകാ ശമായ ആ പ്രകാശത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക. ഈ പ്രകാശം ലോകത്ത് കാണാൻ സാധിക്കുന്നുവെങ്കിൽ അത് നബി കരീം (സ) തിരുമേനിയുടെ വ്യക്തിത്വത്തിൽ മാത്രമാണ്. അത് ലോകത്ത് എവി ടെയെങ്കിലും കാണാൻ സാധിക്കുന്നുവെങ്കിൽ അവസാന ശരീ അത്ത് ഗ്രന്ഥമായ വിശുദ്ധ ഖുർആനിൽ മാത്രമാണ്. അതിന്റെ മനോ ഹരമായ അദ്ധ്യാപനം ലോകത്തിന്റെ നിലനിൽപ്പിനുള്ള ഏക മാർഗ മാണ്. അതിന്റെ അധ്യാപനം അല്ലാഹുവിനോടുള്ള കടപ്പാടുകൾ ചെയ്യാനുള്ള മാർഗങ്ങളും ദാസരോടുള്ള കടപ്പാടുകൾ നിറവേറ്റാ നുള്ള മാർഗങ്ങളും പറഞ്ഞുതരാനുള്ള ഏകമാർഗമാണ്. അതിന്റെ മനോഹരമായ അധ്യാപനങ്ങൾ ലോകത്തിന്റെ സമാധാനത്തിനുള്ള ജാമ്യം നൽകുന്നു. എന്ത്കൊണ്ടെന്നാൽ ഈ അധ്യാപനങ്ങളനുസ രിച്ച് ജീവിക്കുന്ന ആളുടെ ചിത്രം ഖുർആനിൽ മറ്റൊരു സ്ഥലത്ത് ഇപ്രകാരം വരച്ചു കാട്ടുന്നു. ഞാൻ രണ്ടാമത് പാരായണം ചെയ്ത ആയത്തിന്റെ അർത്ഥം ഇപ്രകാരമാണ്. തൗബ ചെയ്യുന്നവരും, ഇബാദത്ത് ചെയ്യുന്നവരും, സ്തുതിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ യാത്ര ചെയ്യുന്നവരും നമിക്കുന്നവരും സുജൂദ് ചെയ്യു ന്നവരും നല്ല കാര്യങ്ങൾ ഉപദേശിക്കുകയും ചീത്ത കാര്യങ്ങളെ വില ക്കുകയും ചെയ്യുന്നവരും, അല്ലാഹുവിന്റെ പരിധികളെ കാത്തു സൂക്ഷിക്കുന്നവരും അവരെല്ലാവരും സത്യ വിശ്വാസികളാണ്. നീ സത്യവിശ്വാസികൾക്ക് സുവാർത്ത നൽകുക ഇതാണ് ഒരു വിശ്വാ സിയുടെ സവിശേഷത. അല്ലാഹുവിന്റെ തഖ്വ സ്വായത്തമാക്കി ക്കൊണ്ട് അവന്റെ പ്രീതി കരസ്ഥമാക്കാൻ ശ്രമിക്കുന്നവരിൽ ഈ കാര്യങ്ങൾ കാണുകയെന്നത് നിർബന്ധമാണ്. ആദ്യമായി പറഞ്ഞത് പശ്ചാത്തപിച്ചു മടങ്ങുന്നവരെക്കുറിച്ചാണ്. പാശ്ചാത്താപം എന്നാൽ എന്താണ? തിന്മയിൽ നിന്ന് വിട്ടുമാറുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേ ശിക്കുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിനെ വിശദീകരിച്ചുകൊണ്ട് ഒരു സ്ഥലത്ത് ഇപ്രകാരം പറയുന്നു: യഥാർത്ഥമായ പശ്ചാത്താപം ചെയ്യേണ്ടതാണ്. തൗബ എന്നത് മടങ്ങിവരികയെന്നതിനാണ് പറയു ന്നത്. നാവ് കൊണ്ട് തൗബ തൗബയെന്ന് പറയാനല്ല അല്ലാഹു കൽപി ച്ചിരിക്കുന്നത്. മറിച്ച് അല്ലാഹുവിലേക്ക് മടങ്ങാനാണ് പറഞ്ഞിട്ടു ള്ളത്. ഏത് രീതിയിലാണോ മടങ്ങേണ്ടത് ആ രീതിയിൽ മടങ്ങുക. എന്നാൽ മനുഷ്യൻ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് വരു മ്പോൾ ആദ്യത്തെ സ്ഥലം ദുരപ്പെട്ടുപോകുന്നു. ഏതിലേക്കാണോ പോകുന്നത് അത് അടുത്തുകൊണ്ടിരിക്കുന്നു. പശ്ചാത്താപത്തിന്റെ ഉദ്ദേശ്യവും ഇതുതന്നെ. മനുഷ്യൻ അല്ലാഹുവിലേക്ക് അടുക്കു ന്തോറും അവൻ ശൈത്വാനിൽ നിന്ന് ദൂരപ്പെട്ട് പോകുകയും അല്ലാ ഹുവിന്റെ അടുത്തായിത്തീരുകയും ചെയ്യുന്നു. ഒരു സത്യവിശ്വാ സിയുടെ സവിശേഷതയായി അല്ലാഹു രണ്ടാമത് പറയുന്നത്. അവർ ആരാധന നടത്തുന്നവരാണെന്നാണ്. അല്ലാഹുവിലേക്ക് കാലടി എടുത്തുവെക്കുന്നയാൾ അല്ലാഹുവിനെ ആരാധിക്കുന്ന കാര്യ ത്തിൽ ശ്രദ്ധ ചെലുത്തുന്നവനായിരിക്കുമെന്നത് സ്പഷ്ടമായ കാര്യ മാണ്. ഈയൊരു കാര്യമാണ് മനുഷ്യന്റെ സൃഷ്ടിപ്പിന്റെ ഉദ്ദേശ്യമായി അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിട്ടുള്ളതും. അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുള്ള ഒരു വിശ്വാസി ആരാധനയുടെ രീതി പൂർത്തിയാക്കുകയെന്ന കാര്യം ശ്രദ്ധിച്ചുകൊണ്ടിരിക്കും. ആരാധ നയില്ലാതെകണ്ട് തന്റെ ജീവിതം വ്യർത്ഥമാണെന്നും നല്ലപോലെ അറി യുന്നു. ആരാധനയെക്കുറിച്ച് അല്ലാഹു പറയുന്നത് അതിന്റെ കട മകൾ നിറവേറ്റുക എന്നാണ്. കടമകൾ നിറവേറ്റുന്നത് ആരാധന നില നിർത്തുമ്പോഴാണ്.

അഖിമുസ്സലാത്ത .............

നിസ്കാരം നിലനിർത്തുക. പള്ളിയിൽ പോയി ജമാഅത്തായി നമസ്കരിക്കുക എന്നതാണ് അത് നിലനിർത്തുക എന്ന് പറഞ്ഞ തിന്റെ ഉദ്ദേശ്യം നമസ്കാരം അനുഷ്ഠിക്കുക എന്നതിന്റെ ഉദ്ദേശ്യവും ഇതുതന്നെയാണ്. കൂട്ടത്തിൽ ഞാൻ ഈ ഒരു കാര്യവും പറയാൻ ഉദ്ദേശിക്കുന്നു. അതായത് നിസ്കാരസമയത്ത് മുഴുവൻ ആൾക്കാർ വരുന്നില്ല എന്ന പരാതി കേൾക്കുകയുണ്ടായി. ഒരു കാലത്ത് ഈ പള്ളി അഞ്ച് നേരവും നിസ്കരിക്കാൻ ഉപയോഗിക്കാറുണ്ടായിരു ന്നു. ഇപ്പോൾ ജുമുഅ നിസ്കരിക്കാൻ മാത്രമേ ഉപയോഗിക്കു ന്നുള്ളൂ എന്ന് എനിക്ക് എഴുതുകയുണ്ടായി. എന്നുമാത്രമല്ല, പ്രാദേ ശികമായ പത്രത്തിൽ ഈ വാർത്ത വരികയും ചെയ്തു. ഈ പ്രദേ ശത്തുള്ള അഹ്മദികളുടെ ഉത്തരവാദിത്വം ഇവിടെ വരികയും പള്ളി തുറക്കുകയും 5 നേരം നമസ്കരിക്കുകയും ചെയ്യുക എന്ന

തുമാണ്. വെറും ഇശാക്ക് അല്ലങ്കിൽ മഗ്‌രിബിന് അല്ലെങ്കിൽ കുറച്ച് പേർ സുബഹിക്ക് വന്നുകൊണ്ട് നിസ്കരിച്ചാൽ പോരാ. മറിച്ച് ,ഇതിന്റെ അവകാശം നിങ്ങൾ നിലനിർത്തുകയായണെങ്കിലേ നിങ്ങൾ യഥാർത്ഥ വിശ്വാസികളാണെന്ന് പറയാൻ അർഹതയുള്ളൂ. പള്ളി നിർമ്മിക്കാൻ പോകുമ്പോൾ എന്തിനാണ് പള്ളി നിർമ്മിക്കുന്നതെന്ന് അമ്വർ ചോദിക്കുന്നു. മിനിഞ്ഞാന്ന് ഞാൻ പള്ളിക്ക് തറക്കല്ലിടുമ്പോൾ ഈ ചോദ്യമാണ് ചോദിച്ചത്. നിസ്കാരം ജമാഅത്തായി നിസ്കരിക്കാനാണ് പള്ളി നിർമ്മിക്കുന്നതെന്നാണ് അതിന് സാധാരണയായ മറുപടി. കാരണം, ഇസ്‌ലാമിൽ ഇതിന് വളരെയധികം പ്രാധാന്യമുണ്ട്. ഖുർആനിൽ വന്നിരിക്കുന്നത്, അഖിമിസ്സ്വലാത്ത എന്നതാണ് അതിന്റെ ഉദ്ദേശ്യം ജമാഅത്തായി നിസ്കരിക്കുക എന്നതാണ്. അതിനു വേണ്ടിയാണ് പള്ളി പണിയുന്നത്. എന്തുകൊണ്ടെന്നാൽ യഥാർത്ഥ നിസ്കാരം അല്ലാഹുവിന്റെയും ദാസരുടെയും കടപ്പാടുകൾ ചെയ്യുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നു. അല്ലാഹുവിനോടും ദാസരോടും കടപ്പാടുകൾ ചെയ്യുന്നതിൽ നിസ്കാരം ശ്രദ്ധ നൽകുന്നു എന്ന വിധത്തിൽ നമസ്കരിക്കുന്നില്ലെങ്കിൽ അല്ലാഹു പറയുന്നു. വൈലുല്ലിൽ മുസല്ലീൻ., നിസ്കാരം ബാഹ്യമായ നിലയിൽ അനുഷ്ഠിക്കുന്നു. എന്നാൽ അല്ലാഹുവിന്റെ പരിപൂർണ്ണമായ അനുസരണം ലഭിക്കുക എന്ന ഉദ്ദേശത്തോടുകൂടി നമസ്കരിക്കുന്നില്ലെങ്കിൽ അത്തരം നിസ്കരിക്കുന്നവർക്ക് നാശം.

ചുരുക്കത്തിൽ വിശുദ്ധഖുർആൻ ഓരോ കാൽവെപ്പിലും അവനെ ബോധവാനാക്കുകയും അങ്ങനെ ഒരു യഥാർത്ഥ വിശ്വാസിക്ക് ഉന്നതമായ ധാർമ്മിക ഗുണം കരസ്ഥമാക്കാനുള്ള വഴികൾ പറഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പിന്നെ ഒരു യഥാർത്ഥ മുസ്‌ലിം അല്ലാഹുവിനെ സ്തുതിക്കുന്നവനാണ്. അല്ലാഹു എല്ലാ സിഫത്തുകളുടേയും ഉറവിടമാണെന്ന് കരുതുന്ന ഒരു വിശ്വാസിക്ക് മാത്രമേ അല്ലാഹുവിനെ യഥാർത്ഥമായ നിലയിൽ സ്തുതിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാഹു എല്ലാ സിഫത്തുകളുടേയും ഉറവിടമാണെന്ന് മനസ്സിലാക്കി അവന്റെ കൽപനകൾ അനുസരിക്കുന്നവർക്ക് മാത്രമേ ശരിയായ രീതിയിൽ അനുസരിക്കാൻ സാധിക്കുകയുള്ളൂ. ഇതിനെ സംബന്ധച്ചാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. കാരണം ഒരു യഥാർത്ഥ സത്യവിശ്വാസിക്ക് അല്ലാഹുവിൽ നിന്ന് ദൂരപ്പെടുത്തുന്ന കാര്യങ്ങൾ ഒരിക്കലും ചെയ്യാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്തുതിയെക്കുറിച്ച് ഒരു സ്ഥലത്ത് ഇപ്രകാരമാണ് പറയുന്നത്. സ്തുതിയുടെ എല്ലാ വിധങ്ങളും ബാഹ്യമായ നിലയാണെങ്കിലും ആന്തരികമായ നിലയിലാണെങ്കിലും പരിപൂർണ്ണമായ അസ്തിത്വമെന്ന നിലയിലും പ്രകൃതിപരമായ അദ്ഭുതങ്ങളിലാണെങ്കിലും ഇതെല്ലാം അല്ലാഹുവിൽ മാത്രമാണ് പ്രത്യേകമാക്കപ്പെട്ടത്. അല്ലാഹുവിന്റെ അസ്തിത്വത്തെ ഈ രീതിയിൽ ഓർത്തുകൊണ്ട് അവന്റെ മുമ്പിൽ കുമ്പിടുമ്പോൾ ഇങ്ങേയറ്റം അവന്റെ പ്രീതി കരസ്ഥമാക്കുന്നതിന് വീട്ടിൽ നിന്ന് പുറത്തുപോകുമ്പോഴും ഈ നിലയിൽ പ്രവർത്തിക്കുന്നു. അവരാണ് നന്മകൾ പരത്തുന്നവരും തിന്മകളെ ഇല്ലാതാക്കുന്നവരും അല്ലാഹുവിന്റെ നിയമപരിധികളെ സംരക്ഷിക്കുന്നവരും. അല്ലാഹു വിശുദ്ധ ഖുർആനിലൂടെ സത്യവിശ്വാസികൾക്ക് നൽകിയിട്ടുള്ള എല്ലാ കൽപനകളുമാണ് അവന്റെ നിയമപരിധികൾ. അവന്റെ നിയമ പരിധിക്കുള്ളിൽ കഴിയുക എന്നതാണ് ഒരു മുത്തഖിയുടെ ജോലി. ഇത്തരത്തിലുള്ള ആളുകൾക്ക് അല്ലാഹു സന്തോഷവാർത്ത നൽകുന്നു. ബഹളത്തിനും ശത്രുതക്കും അവരെ അതിൽ നിന്നും പിന്തിരിപ്പിക്കാൻ സാധിക്കുകയില്ല. ഇവിടെ മറ്റൊരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. അതായത്, അല്ലാഹുവിന് വേണ്ടി യാത്ര ചെയ്യുന്നവർക്കും സന്തോഷവാർത്തയുണ്ട്. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവരിൽ തബ്‌ലീഗിന് വേണ്ടി പുറപ്പെടുന്നവരും ഉൾപ്പെടുന്നു. തബ്‌ലീഗ് ഒരു ജിഹാദാണ്. അല്ലാഹു അത്തരം ആളുകൾക്ക് തൗഫീഖ് നൽകുന്നു. രണ്ടാമത്തെ ആളുകൾ നാട്ടിലുള്ള ബുദ്ധിമുട്ടുകാരണം നാട്ടിൽ നിന്നും പാലായനം ചെയ്യേണ്ടതായി വരുന്നവരാണ്. മതപരമായ നിലയിൽ നിങ്ങൾ വിശമിക്കുന്നവരാണെങ്കിൽ നിങ്ങൾ പാലായനം ചെയ്യുക. ഇതും അല്ലാഹുവിന്റെ കൽപനയാണ്. നിങ്ങളിൽ ഭൂരിഭാഗമാളുകളും ഇക്കാരണം കൊണ്ടാണ് ഇവിടെ വന്നിട്ടുള്ളത്. നിങ്ങൾക്ക് നിങ്ങളുടെ നാട്ടിൽ സ്വാതന്ത്രമില്ല. മതപരമായ നിലയിൽ നിങ്ങളെ പീഡിപ്പിക്കുകയാണെന്ന് മനസ്സിലാക്കിക്കൊണ്ട് അവർ നിങ്ങൾക്കിവിടെ സ്വതന്ത്രമായി ജീവിക്കുവാനുള്ള അവസരം നൽകി എന്നത് ജർമ്മൻ ഭരണകൂടത്തിന്റെ ഒൗദാര്യമാണ്. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അതുപോലെ അല്ലാഹുവിന്റെ ഐഹികവും ആത്മീയവുമായ അനുഗ്രഹം തങ്ങളിലും തങ്ങളുടെ സന്താനങ്ങളിലും വർഷിച്ചുകൊണ്ടിരിക്കുന്നത് കാണണമെന്ന് ആഗ്രഹിക്കുന്നവരാണെങ്കിൽ, നിസ്കാരത്തിന്റെ അവകാശങ്ങൾ വകവെച്ചുകൊടുക്കേണ്ടതാണ്. തങ്ങളുടെ റുകൂഉം, സുജൂദും പരിപൂർണ്ണമായ നിലയിൽ അനുഷ്ഠിക്കുന്നവരായി മാറുകയും നന്മകൾ തങ്ങളിൽ ഉണ്ടാക്കുന്നവരായും, നന്മകൾ സമൂഹത്തിൽ വ്യാപിപ്പിക്കുന്നവരായും, തിന്മകളിൽ നിന്ന് തങ്ങളെയും സമൂഹത്തേയും രക്ഷപ്പെടുത്തുന്നവരായും, അല്ലാഹുവിന്റെ എല്ലാ കൽപനകളും അനുസരിച്ച് ജീവിക്കുന്നവരായും തങ്ങളുടെ സന്താനങ്ങളിൽ ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനം നിലനാട്ടുന്നവരായും നാം മാറേണ്ടതാണ്. ഇനി ഈ കാര്യങ്ങളില്ലെങ്കിൽ ഇസ്‌ലാമിന്റെ ശത്രുക്കൾ നിങ്ങളുടെ അധ്യാപനങ്ങൾ എന്താണെന്ന് അറിയുകയില്ല. പക്ഷേ, നിങ്ങളുടെ പ്രവൃത്തി കണ്ടുകൊണ്ടാണ് നിങ്ങളുടെ മതത്തെ വിലയിരുത്തുന്നതെന്ന് പറയുകയാണെങ്കിൽ അത് സത്യമായ കാര്യമായിരിക്കും.

ചുരുക്കത്തിൽ, ഒരു യഥാർത്ഥ അഹ്‌മദിയിൽ നിന്ന് തന്റെ പ്രവൃത്തികൊണ്ട് ജമാഅത്തിന് ചീത്തപ്പേരിന് കാരണമാകുന്ന വിധത്തിലുള്ള ഒരു ശ്രമവും ഉണ്ടാകാൻ പാടുള്ളതല്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ വേദന എപ്പോഴും ഓർമ്മയിൽ വെക്കുക. അദ്ദേഹം പറയുകയാണ്. ഞാനുമായി ബന്ധപ്പെട്ടെന്ന് പറയുകയും പിന്നീട് ഈ ജമാഅത്തിന് ചീത്തപ്പേരിന് കാരണമാകുന്ന വിധത്തിൽ നിങ്ങൾ ആവുകയും ചെയ്യരുത്. എല്ലാ അഹ്‌മദികളും ഇവിടെ വന്നുകൊണ്ട് സ്വതന്ത്രമായി ജീവിക്കാനും തങ്ങളുടെ അവസ്ഥ നന്നാക്കിത്തീർക്കാനും സാധിച്ചത് അഹ്‌മദിയ്യത്ത് കാരണമാണ്. അതുകൊണ്ട് താൻ അല്ലാഹുവിന്ന് നന്ദി കാണിച്ചുകൊണ്ട് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നവനായി മാറുന്ന വിധത്തിലുള്ള ജീവിതം കാഴ്ച വെക്കുകയും അതോടൊപ്പം ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആക്ഷേപത്തിന് മറുപടി പറയുന്നവനായി മാറുകയും ചെയ്യേണ്ടതാണ്.الْاٰمِرُوْنَ بِالْمَعْرُوْفِ നല്ല കാര്യങ്ങൾ കൽപിക്കുക എന്നത് തന്റെ പ്രത്യേകതയാകേണ്ടതാണ്. نَ عَنِ الْمُنْكَرِ (ചീത്ത കാര്യങ്ങളെ തടഞ്ഞു നിർത്തുന്നവനായി) മാറേണ്ടതാണ്. അല്ലാഹു മുസ്‌ലിംകൾക്ക് വലിയ സ്ഥാനമാണ് നൽകിയിട്ടുള്ളത്. എന്നാൽ അഹ്‌മദികൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ വിശ്വസിച്ചുകൊണ്ട് ഈ കാര്യം ആവർത്തിക്കുകയാണ് ചെയ്തത്. അല്ലാഹു നൽകിയിട്ടുള്ള പ്രതാപം ഇതാണ്. كُنْتُمْ خَيْرَ اُمَّةٍ اُخْرِجَتْ لِلنَّاسِ

നിങ്ങൾ മനുഷ്യകുലത്തിന് വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്.

സ്വന്തം നന്മയ്ക്ക് വേണ്ടിയല്ല മറ്റുള്ളവരുടെ നന്മയ്ക്ക്വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. മനുഷ്യൻ, ഏതു വിഭാഗത്തിൽ പെട്ടവരാണെന്ന് നോക്കാതെ അവർക്ക് നന്മ ചെയ്യേണ്ടത് നിങ്ങളുടെ ബാധ്യതതയാണ്. ഇത് വലിയൊരു പദവിയാണ്. ഇത് വെറുതെയങ്ങ് ലഭിക്കുകയില്ല. ഇത് ലഭിക്കാനുള്ള കാരണം പറഞ്ഞു. അതായത് നിങ്ങൾ നന്മ നിലനിർത്തുകയും തിന്മയെ വിരോധിക്കുകയും ചെയ്യുന്നവരാണ്.

ചുരുക്കത്തിൽ തങ്ങളിൽ ഈ നന്മ ഉണ്ടായിരിക്കുകയും അല്ലാഹു പറഞ്ഞിട്ടുള്ള നന്മകൾ അഹ്മദി സമൂഹത്തിൽ ഉണ്ടായിത്തീരുകയും ചെയ്യുമ്പോഴാണ് നാം മറ്റുള്ളവർക്ക് നന്മകൾ എത്തിച്ചുകൊടുക്കുന്നവരായി മാറുന്നത്. അപ്പോൾ മാത്രമേ ഈ സ്ഥാനം കരസ്ഥമാക്കുന്നവരായി നാം മാറുകയുള്ളൂ. അല്ലാത്തപക്ഷം ഞാൻ പറഞ്ഞതുപോലെ മറ്റുള്ളവർ നമ്മളിൽ നിന്ന് എന്ത് പാഠമാണ് കരസ്ഥമാക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ബൈഅത്ത് ചെയ്ത് കൊണ്ട് തന്നിൽ വലിയ ഉത്തരവാദിത്വമാണ് വന്നിട്ടുള്ളതെന്ന കാര്യം ഓരോ അഹ്മദിയും എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ലോകത്ത് ഇസ്ലാമിന്റെ ശത്രുക്കൾ ഇസ്ലാമിന്നെതിരിൽ ഉണ്ടാക്കിയിട്ടുള്ള ശത്രുതയുടെ ഭിത്തി വീഴ്ത്തുകയെന്നത് അഹ്മദിയുടെ ഉത്തിരവാദിത്വമാണ്. നന്മകൊണ്ട് അതിനെ നശിപ്പിക്കേണ്ടതാണ്. തിന്മകളെ ഇല്ലാതാക്കിക്കൊണ്ട് അതിനെ നശിപ്പിക്കേണ്ടതാണ്. ആരാധനയുടെ നിലവാരം ഉയർത്തിക്കൊണ്ട് അതിനെ നശിപ്പിക്കേണ്ടതാണ്. പള്ളികളെ ജനനിബിഢമാക്കിക്കൊണ്ട് അതിനെ നശിപ്പിക്കേണ്ടതാണ്, അല്ലാഹുവിന്റെ നന്ദിയുള്ള ദാസരായിക്കൊണ്ട് ഇതിനെ നശിപ്പിക്കേണ്ടതാണ്. അവൻ ഈ കാലഘട്ടത്തിലുള്ള ഇമാമിനെ തിരിച്ചറിയുവാനുള്ള ഭാഗ്യം നമുക്ക് നൽകി. ഭൂമി നിങ്ങൾക്ക് ഇടുങ്ങിയതായി ത്തീർന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് മറ്റുള്ള സ്ഥലത്ത് വ്യാപിക്കുവാനുള്ള തൗഫീഖ് നൽകുകയുണ്ടായി. ഈ കാര്യം ഓർത്തുകൊണ്ട് അവനോട് നന്ദി കാണിച്ചുകൊണ്ട് ജീവിതം നയിക്കുക. അല്ലാഹുവിന്റെ ആരാധനയിലേക്ക് ശ്രദ്ധ തിരിക്കുക. നിങ്ങളുടെ ഈ ഹിജ്റത്ത് നിങ്ങളുടെ കഴിവുകൊണ്ടല്ല, മറിച്ച്, അല്ലാഹുവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് സംഭവിച്ചിട്ടുള്ളത്. ഇസ്ലാമിന്നെതിരിൽ ചില മുസ്ലിംകളുടെ പ്രവർത്തനങ്ങൾ ഫലമായി ചില ആരോപണങ്ങളും ആക്ഷേപങ്ങളും ഉന്നയിക്കപ്പെടുന്നതാണ്. ആ സമയത്ത് അഹ്മദി ഹദ്റത്ത് മസീഹ് മൗഊദ് (അ) ന്റെ അധ്യാപനങ്ങൾ മുഖേന അവന്റെ മാതൃക കാണിച്ചുകൊണ്ട് ഇസ്ലാമിനെ പ്രതിരോധിക്കേണ്ടതാണ്. പള്ളിയുടെ യാഥാർത്ഥ്യമെന്താണെന്നും, മിനാരത്തിന്റെ യാഥാർത്ഥ്യമെന്താണെന്നും, ഉന്നതമായ ധാർമ്മിക ഗുണങ്ങൾ എന്താണെന്നും നന്മകൾ ഏതു വിധത്തിലാണ് വ്യാപിപ്പിക്കേണ്ടതെന്നും, തിന്മകൾ ഏതു വിധത്തിലാണ് ദൂരീകരിക്കപ്പെടേണ്ടതെന്നും, ലോകത്ത് സമാധാനം എങ്ങനെയാണ് പുനഃസ്ഥാപിക്കപ്പെടുന്നതെന്ന് ജനങ്ങൾക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. ഇന്ന് അഹ്മദികളിൽ അർപ്പിതമായ ഈ ഉത്തിവാദിത്വം ഭാരിച്ച ഉത്തരവാദിത്വമാണ്. അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്ന ഇസ്ലാമാണ് യഥാർത്ഥ ഇസ്ലാമെന്ന് ലോകർക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. ഇത് വ്യാപിപ്പിക്കുന്നതിനുവേണ്ടി ജമാഅത്തിലെ ഓരോ സ്ത്രീ പുരുഷന്മാരും കുട്ടികളും പ്രതിജ്ഞയെടുക്കേണ്ടതാണ്. നാം മറ്റുള്ളവരിൽ നിന്ന് വേറിട്ടുകൊണ്ടുള്ള ഒരു ജീവിതം നയിക്കുന്നില്ലെങ്കിൽ നമുക്ക് ഒരിക്കലും ഇസ്ലാമിനെ പ്രതിരോധിക്കാൻ സാധിക്കുകയില്ല.

ഒരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. നാമും മറ്റുള്ളവരും ബാഹ്യമായ നിലയിൽ രണ്ട് പേരും തുല്യരാണെന്ന് ഞാൻ പല പ്രാവശ്യം പറഞ്ഞതാണ്. മുസ്ലിംകളാണെന്ന് നിങ്ങളും പറയുന്നു. അവരും പറയുന്നു. കലിമ ഉച്ചരിക്കുന്നവരാണെന്ന് നിങ്ങളും പറയുന്നു അവരും പറയുന്നു. നിങ്ങൾ ഖുർആനെ പിൻപറ്റുന്നു എന്ന് വാദിക്കുന്നു അവരും അതുതന്നെയാണ് വാദിക്കുന്നത്. ചുരുക്കത്തിൽ നിങ്ങൾ രണ്ടുപേരും വാദത്തിൽ തുല്യരാണ്. എന്നാൽ അല്ലാഹു വെറും വാദത്തിൽ സന്തോഷിക്കുന്നില്ലാ. ഏതുവരെ അതിൽ യഥാർത്ഥ്യമുണ്ടാകുന്നില്ലയോ, അതുപോലെ വാദത്തിനനുസരിച്ച് പ്രവൃത്തി ഉണ്ടാവുന്നില്ലയോ അതുവരെ. ചുരുക്കത്തിൽ ഉത്തമ സമുദായമായി മാറുന്നതിനുവേണ്ടി യഥാർത്ഥ അധ്യാപനങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി നാം പ്രവൃത്തിയിലൂടെ കാണിച്ചുകൊടുക്കേണ്ടതായി വരുന്നു. തങ്ങളിൽ ഒരു പരിവർത്തനം വരുത്തേണ്ടതായി വരുന്നു. തങ്ങളുടെ ആരാധനയുടെ നിലവാരം ഉയർത്തേണ്ടതായി വരുന്നു. തങ്ങളുടെ ഉന്നതമായ ധാർമ്മിക ഗുണം ഉയർത്തേണ്ടതായി വരുന്നു. അന്യോന്യം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റെയും അവസ്ഥ ഉണ്ടാക്കേണ്ടതായി വരും, പിന്നെ ഇത് നിങ്ങളുടെ ചുറ്റുപാടിലും വ്യാപിപ്പിക്കേണ്ടതായി വരും. അല്ലാഹു ഇതിനുള്ള തൗഫീ ഖ് നൽകുമാറാകട്ടെ ആമീൻ. മറ്റൊരു കാര്യം പറയാനുള്ളത്, ചില പള്ളികൾ ചെറുതായിരിക്കും. പള്ളിയുടെ ഉദ്ഘാടനവേളകളിൽ ഉണ്ടാക്കുന്ന റിസപ്ഷനിൽ പള്ളിയുടെ അകത്തുതന്നെ ഭക്ഷണം കഴിക്കാനുള്ള ഏർപ്പാട് ചെയ്യുക എന്നത് ഒരു ആചാരമായി മാറിയിരിക്കുന്നു. ഇനി അതിനുള്ള അനുവാദമുണ്ടായിരിക്കുകയില്ല. റിസപ്ഷനിൽ വല്ല ഭക്ഷണത്തിന്റെയും പരിപാടിയുണ്ടെങ്കിൽ പള്ളിയുടെ പുറത്ത് ടെന്റ് കെട്ടിക്കൊണ്ട് അത് നടത്തുക. പള്ളിയുടെ ഉൾഭാഗത്ത് ഒരു വിധത്തിലുള്ള ഭക്ഷണപരിപാടികളും ഉണ്ടായിരിക്കുകയില്ല. ഈ കാര്യം നിങ്ങളും ശ്രദ്ധിക്കുക. ലോകത്തുള്ള മറ്റുള്ള ജമാഅത്തുകളും ശ്രദ്ധിക്കുക.

**വിവർത്തനം**
മൗലവി എം. സഫർ അഹ്മദ് കോഴിക്കോട്
മുബല്ലിഗ് , **PHONE : 9633275123**

**KHUTHBA:**

**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on 18 - 12 - 2009 at**
**Masjid Noor,**
**Frankfort,Germany.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode
Published by : **Majlis Khuddamul Ahmadiyya, Kerala**